# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4106** **16.03.2017**-ൽ മറുപടിക്ക്

**മൃഗശാലകളുടെ നവീകരണം**

ചോദ്യം

ശ്രീ. എം.സ്വരാജ്

മറുപടി

ശ്രീ. കെ.രാജു

( ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ ; | (എ) | മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ തിരുവനന്തപുരം മൃഗശാലയിൽ നടത്തി വരുന്നുണ്ട്. ജലപക്ഷികൾക്കുള്ള വാസസ്ഥലം, നീർനായയ്ക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു അക്വേറിയത്തിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൃഗശാല സ്റ്റോറിന്റേയും മൃഗശാല ആഫീസിന്റേയും നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. മൃഗശാലയിൽ ഇന്റർപ്രട്ടേഷൻ സെന്റർ ആരംഭിയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാലയിലേയ്ക്ക് ജിറാഫ്, സീബ്ര, വെള്ളസിംഹം, ജാഗ്വാർ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ എത്തിയ്ക്കുന്നതിന് വേണ്ട പ്രൊപ്പോസലുകൾ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്തേക്ക് മാറ്റുന്ന നടപടികൾ നിലവിലുള്ളതിനാൽ അത്യാവശ്യ അറ്റകുറ്റപ്പണികളല്ലാതെയുള്ള പദ്ധതികൾ അനുവദിച്ചിട്ടില്ല. |
| (ബി) | ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും | അടിസ്ഥാന സൗകര്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സന്ദർശകർക്ക് വേണ്ടി കുടിവെള്ളം, സ്ത്രീ സന്ദർശകർക്കായി ഇ & സ്ത്രീ സൗഹൃദ ടോയ്‌ലറ്റും വിശ്രമകേന്ദ്രവും, റെയിൻ ഷെൽട്ടർ, ഇരിപ്പിടങ്ങൾ, ബാറ്ററി വാഹനങ്ങൾ, വീൽ ചെയറുകൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇന്റർപ്രട്ടേഷൻ സെന്ററുകൾ, സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ